29-10-2026

Calling Attention

ശ്രദ്ധ ക്ഷണിക്കൽ

(1) കേരളത്തിൽ എയിംസ് സ്ഥാപിക്കൽ

ശ്രീ. ജി. സുധാകരൻ: സർ, കേരളത്തിൽ AIIMS ആരംഭിക്കണമെന്ന വിഷയത്തെപ്പറ്റി ഇവിടെ ഉപക്ഷേപം വന്നിട്ടുണ്ടോയെന്ന് എനിക്ക് ഓർമ്മിക്കാൻ സാധിക്കുന്നില്ല.

മി. സ്പീക്കർ: അംഗങ്ങൾ ദയവായി സഭയോട് സഹകരിക്കണം.

ശ്രീ. ജി. സുധാകരൻ: സർ, ഇന്നത്തെ കേരള സർക്കാർ ഭരണരംഗത്ത് നവീന ആശയങ്ങൾ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും, ആരോഗ്യമേഖലയിൽ വളരെ കർമ്മകുശലനായി ശ്രദ്ധപതിപ്പിക്കുന്ന ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. മുരളീധരന്റെയും നേതൃത്വത്തിൽ കേരളത്തിലെ ആരോഗ്യ മേഖല മികച്ചനിലയിൽ പ്രവർത്തിച്ചുവരികയാണെന്ന കാര്യം ആദ്യംതന്നെ അംഗീകരിക്കുകയാണ്. വിശാലമായ ഭാരതത്തിന്റെ തെക്കേയറ്റത്തുള്ള വിദ്യാസമ്പന്നരും ഉയർന്ന രാഷ്ട്രീയ ബോധമുള്ളവരുമായ കേരള ജനത, ആരോഗ്യപരിപാലനത്തിൽ ഇന്ത്യൻ ശരാശരിക്ക് മുകളിലാണെങ്കിലും പല സ്ഥലങ്ങളിലും ആരോഗ്യ

പരിരക്ഷയും അതിനുള്ള സൗകര്യങ്ങളും ഇനിയും ഉറപ്പാക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ചെറിയ സംസ്ഥാനത്ത് ജനസംഖ്യ മൂന്നരക്കോടി കവിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ പരിപാലനം സാമൂഹികമായ നിരവധി പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. കേരളത്തിൽ ഇരുപതിലേറെ മെഡിക്കൽ കോളേജുകളുണ്ടെങ്കിലും അവയിൽ ആറ് എണ്ണം മാത്രമാണ് സർക്കാർ തലത്തിലുള്ളത്. ബി.എസ്.സി. നഴ്സിങ് കോളേജുകൾ, ഫാർമസി കോളേജുകൾ എന്നിവ രണ്ട് ഡസനിലധികം വേറെയും വരുന്നുണ്ട്. നഗര-ഗ്രാമ പ്രദേശങ്ങളിൽ ആയിരക്കണക്കിന് ആശുപത്രികളുള്ളതിൽ ബഹുഭൂരിപക്ഷം സ്വകാര്യ ആശുപത്രികളും അശാസ്ത്രീയമായി പ്രവർത്തിക്കുന്നവയാണ്. സ്വകാര്യ മേഖലയിലെ ആശുപത്രികളുടെ മുഖ്യലക്ഷ്യം പണസമ്പാദനമാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ സേവന ബോധത്തോടെ പ്രവർത്തിക്കുന്ന ഏതാനും സ്വകാര്യ ആശുപത്രികളുണ്ടെന്നതും മറക്കുന്നില്ല. കേരളത്തിന്റെ ആരോഗ്യരംഗം ശാസ്ത്രീയമായി മികച്ചതാണെന്ന് പറയാൻ സാധിക്കില്ല. അതിനാൽ ആരോഗ്യമേഖലയെ പൂർണ്ണമായും ശാസ്ത്രീയമായി പുനഃസംഘടിക്കുന്നതിന്റെ

ഭാഗമായി, നമ്മെ അവഗണിച്ച് ഇത്രയും വർഷങ്ങളായിട്ടും അനുവദിക്കാതിരുന്ന AIIMS നേടിയെടുക്കാനുള്ള പരിശ്രമത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഊർജം പകരണം. അതിനുവേണ്ടിയാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഈ വിഷയം ഞാൻ അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിർലോഭമായ സഹകരണം ഈ രംഗത്ത് ആവശ്യമാണ്. ക്രിയാത്മകമായ കാര്യങ്ങളിൽ കേന്ദ്ര സർക്കാരിനോട് സഹകരിക്കുകയും നമ്മുടെ ആവശ്യങ്ങൾ ബോധ്യപ്പെടുത്തുകയും വേണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമീപനം പൂർണ്ണമായും കേരളത്തിന് പ്രയോജനകരമായിരിക്കും. ഈ സഭയിലുള്ള ഭൂരിപക്ഷം അംഗങ്ങളും ആശയപരമായ കാര്യങ്ങളിൽ കേന്ദ്ര സർക്കാരിനോട് വിട്ടുവീഴ്ച ചെയ്യാത്തവരാണ്. ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട സ്പീക്കറും ഉൾപ്പെടെയുള്ള എല്ലാവർക്കും അവരവരുടെ രാഷ്ട്രീയ പാരമ്പര്യമുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ യൂണിറ്റ് കേരളത്തിൽ സ്ഥാപിക്കേണ്ടത് ആവശ്യമായതിനാൽ

പ്രദേശവാസികളെ ഒഴിപ്പിക്കാതെ പ്രകൃതിക്കും പരിസ്ഥിതിക്കും ഇണങ്ങുന്ന സ്ഥലങ്ങൾ കണ്ടെത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണം. ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി സ്പിൽവേയ്ക്ക് വടക്കുവശമുള്ള പുറക്കാട് ഗ്രാമപഞ്ചായത്തിലെ 660.9 ഏക്കർ മണൽപ്രദേശം AIIMS സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണ്. മുൻമുഖ്യമന്ത്രി കെ. കരുണാകരന്റെ കാലത്ത് മറ്റൊരു ബൃഹത് പ്രോജക്ട് അവിടെ കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും ചില തടസ്സങ്ങൾ കാരണം പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു. 500 ഏക്കറോളം സ്ഥലം സർക്കാർ വില നൽകി ഏറ്റെടുത്തിട്ടുള്ളതാണ്. ഇനിയും പണം നൽകേണ്ടിവരുന്നത് 224 ഏക്കർ സ്ഥലത്തിനുമാത്രമാണ്. ഏറ്റെടുത്ത ഭൂമി കാടുപിടിച്ച് സഞ്ചാരയോഗ്യമല്ലാതാവുകയും പാമ്പുകളുടെ ആവാസകേന്ദ്രമായി മാറുകയും ചെയ്തിരിക്കുകയാണ്. ഹൈവേയിൽനിന്ന് 500 മീറ്ററും എം.സി. റോഡിലെ തിരുവല്ല-അമ്പലപ്പുഴ ഭാഗത്തുനിന്ന് രണ്ട് കിലോമീറ്റർ ദൂരവും മാത്രമേ പ്രസ്തുത സ്ഥലത്തേയ്ക്കുള്ളൂ. എല്ലാ സൗകര്യങ്ങളുമുള്ള സ്ഥലമാണ് ഇത്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ജഗത് പ്രകാശ് നദ്ദയും കേന്ദ്ര സഹമന്ത്രി

ശ്രീ. സുരേഷ് ഗോപിക്കും സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കെ. മുരളീധരനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനും ഞാൻ നേരത്തെ നിവേദനം നൽകിയിരുന്നു. കേന്ദ്ര സഹമന്ത്രി ശ്രീ. സുരേഷ് ഗോപി കേരളത്തിന് AIIMS അനുവദിക്കുമെന്ന് പ്രഖ്യാപിച്ചതിൽ പ്രതീക്ഷ അർപ്പിക്കാം. ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിൽ പൂർണ്ണരീതിയിൽ AIIMS പ്രവർത്തനസജ്ജമായിട്ടുണ്ട്, എട്ട് സംസ്ഥാനങ്ങളിൽ AIIMS-ന്റെ നിർമ്മാണ പ്രവർത്തനം നടക്കുന്നുമുണ്ട്. അങ്ങനെ ആകെ 26 AIIMS-കൾ ആണ് രാജ്യത്തുള്ളത്. അവയിൽ അഞ്ച് സംസ്ഥാനങ്ങൾക്ക് രണ്ട് AIIMS വീതമുണ്ട്. കേരളം അടക്കമുള്ള പല സംസ്ഥാനങ്ങളിലും AIIMS അനുവദിച്ചിട്ടില്ല. യഥാർഥത്തിൽ 16-ഓളം സംസ്ഥാനങ്ങളിൽ മാത്രമാണ് AIIMS ഉള്ളത്. AIIMS നിഷേധിക്കപ്പെട്ടത് ബഹുഭ്രരിപക്ഷവും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ മേഘാലയ, നാഗാലാൻഡ്, മിസോറാം, സിക്കിം, അരുണാചൽപ്രദേശ്, മണിപ്പൂർ അതുപോലെ ഗോവ, പോണ്ടിച്ചേരി എന്നിവിടങ്ങളിലുമാണ് AIIMS ഇല്ലാത്തത്. ഇത് പ്രാദേശികമായ അവഗണനയാണ്. ഇത്

കഴിഞ്ഞകാല കേന്ദ്രസർക്കാരുകളുടെ സമീപനമാണ്. ആ സമീപനത്തിൽനിന്നും കേന്ദ്ര സർക്കാരിനെ മാറ്റാനും ഇത് നേടിയെടുക്കാനും ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയും സഭയിലുള്ള കേന്ദ്ര ഭരണകക്ഷിയുടെ അംഗമായ ശ്രീ. വി. മുരളീധരനും ബി.ജെ.പി.-യുടെ സംസ്ഥാന അധ്യക്ഷനും നാമെല്ലാവരും ഒറ്റക്കെട്ടായി പരിശ്രമിക്കണം. ഇത് നമ്മുടെ ആവശ്യമാണ്. നമ്മുടെ അവകാശമാണ്. കേന്ദ്ര സർക്കാരിന്റെ അവഗണന ഇക്കാര്യത്തിലുണ്ടാകുന്നത് ശരിയല്ല. AIIMS ലഭിച്ചാൽ നമ്മുടെ ആരോഗ്യരംഗം വളരെയേറെ പുഷ്കലമാകുമെന്ന കാര്യം ഈ ശ്രദ്ധക്ഷണിക്കലിലൂടെ നിയമസഭയുടെ മുമ്പാകെ കൊണ്ടുവരികയാണ്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, കേരളത്തിൽ AIIMS സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദേശപ്രകാരം 2014-ൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ .....

മി. സ്പീക്കർ: ജീവനക്കാർ സഭയെ ഒരു വിനോദസഞ്ചാര

കേന്ദ്രമാക്കേണ്ടതില്ല. ആവശ്യമുള്ള വ്യക്തികൾ വിളിക്കുമ്പോൾ ടേബിളിന്റെ അടുക്കൽപോകുകയും ആവശ്യം കഴിഞ്ഞ് തിരിച്ചുപോകുകയും ചെയ്യണം. ഇതിനകം ചുറ്റിക്കറങ്ങനുള്ള സ്ഥലമാക്കിമാറ്റരുത്. ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രസംഗം തുടരാം.

ശ്രീ. കെ. മുരളീധരൻ: സർ, 2017-ൽ കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെ ഭൂമി AIIMS-നായി ശിപാർശ ചെയ്തിരുന്നു. 2024 ഒക്ടോബറിൽ കേരളത്തിൽ AIIMS സ്ഥാപിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം, കേന്ദ്ര ധനകാര്യ മന്ത്രാലയത്തോട് അഭ്യർഥിക്കുകയും ചെയ്തിരുന്നു. 2026-ൽ അധികാരത്തിൽവന്ന പുതിയ സർക്കാർ ഈ വിഷയം പുനഃപരിശോധിക്കുകയും സംസ്ഥാനത്ത് AIIMS സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പിന് നിർദേശം നൽകുകയും ചെയ്തു. അതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി കണ്ടെത്തിയ ഏകദേശം പത്ത് സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ

അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരി ഉറന്ന ജയിലിനോട് ചേർന്ന ഭൂമി ഏറ്റവും അനുയോജ്യമാണെന്ന അഭിപ്രായം കേന്ദ്ര സർക്കാരിനുണ്ടെങ്കിലും അടുത്തകാലത്തെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയനുസരിച്ച് പ്രസ്തുത സ്ഥലത്തിന്റെ 75 ശതമാനം ഭാഗം ബ്രഹ്മോസിന് നൽകേണ്ടതുള്ളതിനാൽ അവിടെ AIIMS പരിഗണിക്കാൻ സാധിക്കില്ല. AIIMS സ്ഥാപിക്കുന്നതിന് കുറഞ്ഞത് 200 ഏക്കർ തർക്കരഹിതവും തുടർച്ചയായതുമായ ഭൂമി, ദേശീയ പാതയിലേക്കും റെയിൽവേ സ്റ്റേഷനിലേക്കും വിമാനത്താവളത്തിലേക്കുമുള്ള ഗതാഗത സൗകര്യം, കുടിവെള്ള ലഭ്യത, വൈദ്യുതി സൗകര്യം തുടങ്ങിയ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വിശദമായ പ്രായോഗിക റിപ്പോർട്ട് സമർപ്പിക്കാൻ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, കാസർഗോഡ്, തൃശ്ശൂർ, ആലപ്പുഴ എന്നിവിടങ്ങളിലെ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വെള്ളൂർ വില്ലേജിൽ കെ.പി.പി.എൽ. ഉടമസ്ഥതയിലുള്ള 487.31 ഏക്കർ ഭൂമിയും കാസർഗോഡ് ജില്ലയിലെ പെരിയ, പനയാൽ പ്രദേശത്ത്

29-10-2026

Calling Attention

പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 274.69 ഏക്കർ ഭൂമിയും AIIMS സ്ഥാപിക്കുന്നതിന് സാധ്യതയുള്ള സ്ഥലങ്ങളായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ സർക്കാർ പ്രസ്സ്, വൈഗ ത്രെഡ്സ്, കൊരട്ടി സർക്കാർ ആശുപത്രി എന്നിവയുടെ ഭൂമി ആവശ്യമായ രീതിയിൽ ഏറ്റെടുത്ത് ക്രമീകരിക്കുന്നതിലൂടെ AIIMS സ്ഥാപിക്കാമെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം ഉൾപ്പെടെയുള്ള സ്ഥലങ്ങൾ പരിഗണിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. അതേസമയം കാസർഗോഡ്, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകൾ നിലവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയിലാണ്. ആലപ്പുഴ ജില്ലയിലെ പുറക്കാട്ടുള്ള 630 ഏക്കർ മണൽക്കൽ പാടശേഖരം AIIMS-നായി പരിഗണിക്കണമെന്ന പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും സഭയിലെ സീനിയർ അംഗമായ ശ്രീ. ജി. സുധാകരന്റെ നിർദ്ദേശം സർക്കാർ തീർച്ചയായും പരിഗണിക്കുകയും

ജില്ലാ കളക്ടറോട് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യും.

ശ്രീമതി കെ. കെ. രമ: സർ, കോഴിക്കോട് കിനാലൂരിൽ AIIMS അനുവദിക്കുന്നതിനുള്ള സ്ഥമില്ലേ?

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലിനുള്ള മറുപടിയാണ്. ഇവിടെ രണ്ട് അംഗങ്ങൾക്ക് മാത്രമേ റോൾ ഉള്ളൂ. ശ്രദ്ധക്ഷണിക്കൽ ഉന്നയിച്ച ശ്രീ. ജി. സുധാകരനും മറുപടി പറയുന്ന വകുപ്പുമന്ത്രിക്കും മാത്രമാണത്. മറ്റുള്ള ചോദ്യങ്ങൾ വേറെ തലത്തിൽ കൊണ്ടുവരാം.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങയുടെ മറുപടിക്ക് നന്ദി. ഹൈവേയ്ക്ക് അടുത്ത് എല്ലാ സൗകര്യങ്ങളുമുള്ള 660 ഏക്കർ ഭൂമിയുണ്ട്. അത് അങ്ങ് പരിഗണിക്കുമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. അങ്ങ് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

Calling Attention

2. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കൽ

ശ്രീ. പി. മമ്മിക്കുട്ടി: സർ, ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രിയുടെ മറുപടിക്കുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഷൊർണ്ണൂർ നിയമസഭാമണ്ഡലം ആറ് പഞ്ചായത്തുകളും രണ്ട് മുനിസിപ്പാലിറ്റികളും അടങ്ങുന്നതാണ്. ഈ ആറ് പഞ്ചായത്തുകളും രണ്ട് മുനിസിപ്പാലിറ്റികളും കേന്ദ്രീകരിച്ച് നാലോളം ശുദ്ധജലവിതരണ പദ്ധതികൾ പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് പ്രദേശവാസികൾക്ക് ശുദ്ധജലം ലഭ്യമാകുന്നത്. ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി മുനിസിപ്പാലിറ്റിയെയും ചളവറ, അനങ്ങനടി, തൃക്കടീരി പഞ്ചായത്തുകളെയും ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതി JJM-നുകീഴിൽ വരുന്നതാണ്. അതുപോലെ അമൃത് 2.0 പദ്ധതിയിൽ നിന്നുള്ള ഫണ്ടും സംസ്ഥാന പ്ലാൻഫണ്ടും ഉപയോഗിച്ച് 210 കോടി രൂപ ചെലവഴിച്ചാണ് ചെർപ്പുളശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നടക്കുന്നത്. അതിനാവശ്യമായി വരുന്ന 22 MLD (Million Liters per Day) Water Treatment Plant-ന്റെ പ്രവൃത്തിയും മറ്റ് മൂന്ന്

Calling Attention

പഞ്ചായത്തുകളിലെ അനുബന്ധ ടാങ്കുകളുടെ നിർമ്മാണം എന്നിവ പൂർത്തിയായി. ഹൗസ് കണക്ഷനുമായി ബന്ധപ്പെട്ട ലൈനിങ്ങും ഏറെക്കുറേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ, വരുന്ന വേനൽക്കാലമാകുമ്പോഴെങ്കിലും ചെർപ്പുളശ്ശേരി സമഗ്രകുടിവെള്ള പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ജലവിഭവ വകുപ്പിന്റെയും മറ്റുബന്ധപ്പെട്ട വകുപ്പുകളുടെയും സത്വര ഇടപെടലിലൂടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. ഈ വേനൽക്കാലമാകുമ്പോഴേക്കും ആളുകൾക്ക് വെള്ളം ലഭ്യമാക്കാനാവശ്യമായ നടപടി ത്വരിതപ്പെടുത്തേണ്ടതുണ്ട്. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയും വാണിയംകുളം ഗ്രാമപഞ്ചായത്തും കേന്ദ്രീകരിച്ചുള്ള കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ വർധിപ്പിക്കാനും പമ്പ്ഹൗസിന്റെയും ടാൻസ്ഫോമറിന്റെയും പ്രവർത്തനം മെച്ചപ്പെടുത്താനുംവേണ്ടി 23 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാണിയംകുളം ഗ്രാമപഞ്ചായത്തിലെ ടാങ്ക് വികസിപ്പിക്കുന്നതിനുവേണ്ടി 5 കോടി രൂപയുടെ നിർമ്മാണപ്രവർത്തനം

നടക്കുന്നുണ്ട്. നെല്ലായ ഗ്രാമപഞ്ചായത്ത് ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. നെല്ലായ-കുലുക്കല്ലൂർ സമഗ്ര കുടിവെള്ളപദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായുള്ള ടാങ്ക് നിർമ്മാണം ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടാണ് വെള്ളിനേഴി പഞ്ചായത്തിലേക്ക് വെള്ളം കിട്ടുന്നത്. അവിടെ നിലവിൽ സാധാരണഗതിയിൽ വെള്ളം ലഭ്യമാണ്. പക്ഷെ കൂടുതൽ പ്രദേശങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനുവേണ്ടി, ട്രാൻസ്ഫോമറിന്റെ പവർ വർധിപ്പിപ്പിക്കേണ്ടതുണ്ട്. ഇതിനോടനുബന്ധിച്ച് കെ.എസ്.ഇ.ബി.എൽ.-മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. മാന്നന്നൂരിൽ 16 കോടി രൂപയുടെ ഒരു തടയണ നിർമ്മാണം നടക്കുന്നുണ്ട്. നിർമ്മാണം ഏറെക്കുറെ രണ്ടാം ഘട്ടത്തിലാണ്. എന്നാൽ പൂർത്തിയായിട്ടില്ല. കാലവർഷത്തിന്റെ ഭാഗമായി ചില പ്രശ്നങ്ങൾ വന്നിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പദ്ധതി മുന്നോട്ടുകൊണ്ടുപോകാനുള്ള തുടർപ്രവർത്തനങ്ങൾ

നടക്കുന്നുണ്ട്. കുടിവെള്ളത്തിനാവശ്യമായ സ്രോതസ്സും കൃഷിക്കാവശ്യമായ വെള്ളവും തടഞ്ഞുനിർത്താനുള്ള മാന്നനൂർ ഉരുക്ക് തടയണയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ ഇടപെടൽകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടാകണമെന്ന് വിനയപൂരസ്സരം അഭ്യർഥിക്കുന്നു. നിയോജകമണ്ഡലത്തിലെ ഇക്കാര്യങ്ങളെല്ലാം ക്രോഡീകരിക്കുന്നതിനായി ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഇറിഗേഷൻ, ശുദ്ധജല വിതരണം, പി.എച്ച്.ഡിവിഷൻ എന്നീ വിഭാഗങ്ങളുടെ സംയുക്ത യോഗം കൂടുന്നത് ഉചിതമായിരിക്കുമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിപ്പിക്കുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. മമ്മിക്കുട്ടി ഉന്നയിച്ച ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭയിലെയും തൃക്കടീരി, അനങ്ങനടി, ചളവറ എന്നീ ഗ്രാമപഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കുകയുണ്ടായി. ഇക്കാര്യങ്ങളിൽ

വളരെ ഫലപ്രദമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ജൽജീവൻ മിഷൻ, അമൃത് 2.0, സംസ്ഥാന പദ്ധതി എന്നിവയിലുൾപ്പെടുത്തി വിപുലമായ കുടിവെള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കിവരുന്നത്. ഈ നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി ഭൂതപ്പുഴ ജലസ്രോതസ്സായി 66 കോടി രൂപയുടെ ഭരണാനുമതിയോടെ 22 MLD ശേഷിയുള്ള ജലശുദ്ധീകരണശാല, പമ്പിങ് ലൈനുകൾ, ജലസംഭരണികൾ, കിണർ, പമ്പ്ഹൗസ് എന്നിവയുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ ജലശുദ്ധീകരണശാലയുടെ 96 ശതമാനവും കിണറിന്റെ 92 ശതമാനവും നിർമ്മാണപ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. തൃക്കടീരിയിലെ 21 ലക്ഷം ലിറ്റർ ശേഷിയുള്ളതും ചളവറയിലെ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണികളും അനങ്ങനടിയിലെ 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂജല സംഭരണിയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പമ്പ് സെറ്റുകളും ഇതിനോടൊപ്പം

സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭൂരിഭാഗം പ്രവൃത്തികളും ഇതിനോടകം പൂർത്തിയായിട്ടുള്ളതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ചെർപ്പുളശ്ശേരിയിൽ 10 കോടി രൂപ ചെലവിൽ 27 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണി, പമ്പ്സെറ്റുകൾ, 6 കിലോമീറ്റർ വിതരണശൃംഖല എന്നിവയുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജൽജീവൻ മിഷന്റെ ഭാഗമായി അനങ്ങനടി ഗ്രാമപഞ്ചായത്തിൽ 3813 കുടിവെള്ള കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുണ്ട്. 98 ശതമാനം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ചളവറ ഗ്രാമപഞ്ചായത്തിൽ 4800 കണക്ഷനുകൾ നൽകുകയും പദ്ധതി 80 ശതമാനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൃക്കടീരി ഗ്രാമപഞ്ചായത്തിൽ 4044 കണക്ഷനുകൾ ഇതിനോടകം നൽകിയിട്ടുണ്ട്. ഇവിടെയും 80 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മൂന്ന് പഞ്ചായത്തുകളിലെയും രണ്ടാംഘട്ട പൈപ്പ് ലൈൻ വിപുലീകരണ പ്രവൃത്തികളിൽ പ്രധാനപ്പെട്ടവ ത്വരിത ഗതിയിൽ നടക്കുകയാണ്. ചെർപ്പുളശ്ശേരി നഗരസഭയിൽ അമൃത് 2.0 പദ്ധതിയിൽ

ഉൾപ്പെടുത്തി 10.63 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്. 1841 ഗാർഹിക കുടിവെള്ള കണക്ഷനുകൾ ഇതിനോടകം നൽകിയിട്ടുണ്ട്. 2.52 കോടി രൂപയുടെ അധിക വിതരണശൃംഖല വിപുലീകരണ പ്രവൃത്തികൾ 6 പാക്കേജുകളിലായി നടപ്പാക്കിവരികയാണ്. ഇതിൽ നാല് പാക്കേജുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നഗരസഭയിൽ അധികമായി 1500 കുടിവെള്ള കണക്ഷനുകളും 20 കിലോമീറ്റർ പൈപ്പ്ലൈനും സ്ഥാപിക്കുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ നടക്കുന്നുണ്ട്. പദ്ധതിയുടെ പ്രധാന ജലസ്രോതസ്സായ ളുതപ്പുഴയിൽ വേനൽക്കാലത്തും ആവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിന് ചെക്ക്ഡാം നിർമ്മാണം അനിവാര്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനായി 6.90 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇവിടെ ചെക്ക്ഡാം നിർമ്മിക്കുന്നതിനുവേണ്ടി 103.45 മീറ്റർ നീളവും 2.25 മീറ്റർ ഉയരവുമുള്ള പ്രോജക്ടിന് രൂപം കൊടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്ടിൽ ആകെയുള്ള പത്ത് വെന്റുകളിൽ 7 എണ്ണം പൂർത്തീകരിക്കുകയും ആകെ 65 ശതമാനം

പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പുഴയിൽ ജലനിരപ്പ് ഉയർന്നിരിക്കുന്നതിനാൽ, ഡിസംബർ അവസാനത്തോടെ ജലനിരപ്പ് താഴ്ന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതും ശേഷിക്കുന്ന പ്രവൃത്തികൾ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. നിലവിലുള്ള ജലസ്രോതസ്സ് പ്രയോജനപ്പെടുത്തി 2026 ഡിസംബർ 31-നകം ചെർപ്പുളശ്ശേരി നഗരസഭയുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുകയാണ്. ശേഷിക്കുന്ന ജല ശുദ്ധീകരണശാല, കിണർ, വിതരണ ശൃംഖല, ചെക്ക് ഡാം എന്നിവയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും കുടിവെള്ളകണക്ഷനുകൾ പൂർണ്ണമായി നൽകുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദേശം നൽകുന്നതാണ്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ളതും ഈ പ്രദേശത്തിനാകമാനമുള്ള കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം

Calling Attention

കാണുവാനും എല്ലാ കുടുംബങ്ങൾക്കും തൃപ്തികരമായ നിലയിൽ കുടിവെള്ളം എത്തിക്കുവാൻ കഴിയുന്ന വിധത്തിലാണ് ഇപ്പോൾ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ളപദ്ധതി നിർവഹണത്തിനും ജലസേചന സൗകര്യത്തിനുമായി ജലവിഭവ വകുപ്പ് ഇപ്പോൾ 100 കോടി രൂപയുടെ പദ്ധതികളാണ് പൂർത്തീകരിച്ചുവരുന്നത് എന്നറിയിക്കുന്നു. കുടിവെള്ള പദ്ധതിയോടൊപ്പം അങ്ങ് ചൂണ്ടിക്കാണിച്ച, 16 കോടി രൂപയുടെ മാന്നന്നൂർ തടയണ നിർമ്മാണ പദ്ധതിയും ഇപ്പോൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കും. സാധാരണ നിലയിൽനിന്നും വ്യത്യസ്തമായി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കൂടുതൽ മെച്ചപ്പെട്ട നിലയിൽ കാര്യങ്ങൾ പുരോഗമിച്ചിരിക്കുന്നുവെന്ന് പറയുന്നതിൽ സന്തോഷമുണ്ട്. അവിടത്തെ ശേഷിക്കുന്ന കാര്യങ്ങൾകൂടി പൂർത്തിയാക്കുന്നതിനുവേണ്ടി, അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ പ്രത്യേക യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ

ഷൊർണ്ണൂർ ഡിവിഷനും ഒറ്റപ്പാലവും ഉൾപ്പെടും. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ ചില പ്രയാസങ്ങളുണ്ടാകാം. ഒരു സംയുക്തയോഗം ചേരുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇറിഗേഷൻ വകുപ്പുഉദ്യോഗസ്ഥർ, കാഞ്ഞിരപ്പുഴ ഇറിഗേഷൻ എഞ്ചിനീയർമാർ, പി.എച്ച്.ഡി. ഉദ്യോഗസ്ഥർ, JJM എഞ്ചിനീയർമാർ തുടങ്ങിയ ഉദ്യോഗസ്ഥർ ഉൾപ്പെടെ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഒരു സംയുക്ത യോഗം കൂടണമെന്നായിരുന്നു ഞാൻ ആവശ്യപ്പെട്ടിരുന്നത്. അത് ചെയ്യാമെന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. തീയതി കൂടിയാലോചിച്ച് യോഗം ചേരാവുന്നതാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, നിയമസഭാ സമ്മേളനത്തിനുശേഷം എത്രയും പെട്ടെന്ന് തീയതി നിശ്ചയിച്ച് വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷന്റെയും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് എം.എൽ.എ.-യുടെകൂടി സാന്നിധ്യത്തിൽ ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കുന്നതാണ്.